**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3462** | **09.04.2013 - ൽ മറുപടിക്ക്**

## ബൈപ്പാസ്സുകളുടെ നിർമ്മാണത്തിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>,, എ. റ്റി. ജോർജ്<br>,, പി. എ. മാധവൻ<br>,, സണ്ണി ജോസഫ് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ദേശീയപാതകളിലെ ഗതാഗതത്തിരക്ക് കണക്കിലെടുത്ത് ബൈപ്പാസുകളുടെ നിർമ്മാണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) . ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) ദേശീയപാതയുടെ വികസന പദ്ധതിയിൽ ഗതാഗത സാന്ദ്രത കണക്കിലെടുത്ത് ടൗണുകളിലും മറ്റും ആവശ്യമായി വരുന്നിടത്ത് ബൈപ്പാസുകൾ വിഭാവനം ചെയ്തിട്ടുണ്ട്. തന്മൂലം ദീർഘദൂര യാത്രക്കാർക്ക് ടൗണുകളിൽ ഉണ്ടാകുന്ന ഗതാഗത കുരുക്കിൽപ്പെടാതെ സുഗമമായ യാത്ര സാധ്യമാകുന്നു. കൂടാതെ ടൗണിലുണ്ടാകുന്ന ഗതാഗത കുരുക്കുകൾ ഗണ്യമായി കുറയുകയും, തന്മൂലം ഇന്ധന ലാഭവും, അന്തരീക്ഷ മലിനീകരണത്തിലും വാഹനങ്ങളുടെ അറ്റകുറ്റപണികളിലും ഗണ്യമായ കുറവും കൈവരിക്കാനാകുന്നു. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് എന്നറിയിക്കുമോ; | (സി) | ഏജൻസികളെ ഇതുവരെ നിശ്ചയിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ ? | (ഡി) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

Salthe

സെക്ഷൻ ഓഫീസർ

**അനുബന്ധം.**

## ദേശീയപാതകളിൽ നിർമ്മാണത്തിലിരിക്കുന്ന ബൈപ്പാസുകൾ

**തിരുവനന്തപുരം ബൈപ്പാസ്:**- 43 കി.മീ. ദൈർഘ്യമുള്ള തിരുവനന്തപുരം ബൈപ്പാസിന്റെ 26.5 കി.മീ. ദൈർഘ്യം 45 മീറ്റർ ROW ക്കുള്ള സ്ഥലമെടുപ്പും, ഇതിലെ 22.633 കി.മീ. രണ്ടു വരി ബൈപ്പാസും പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ബൈപ്പാസിന്റെ സ്ഥലമെടുപ്പ് പൂർത്തീകരിച്ചിട്ടുള്ള (26/500 കി.മീ.) ഭാഗം പൂർണ്ണമായും നാലുവരിപ്പാത ആക്കുന്ന പ്രവൃത്തി സ്റ്റാന്റ് എലോൺ പ്രോജക്ടായി പൂർത്തീകരിക്കാൻ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം എൻ.എച്ച്.എ.ഐ.യെ ചുമതലപ്പെടുത്തി. ഇതിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

**കൊല്ലം ബൈപ്പാസ്**:- 13.141 കി.മീ. മൊത്തം ദൈർഘ്യമുള്ള കൊല്ലം ബൈപ്പാസിന്റെ 4.791 കി.മീ. ഭാഗത്തെ രണ്ടുവരിപ്പാതയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 8.35 കി.മീ. ഭാഗത്തെ രണ്ടുവരിപ്പാതയുടെയും അതിൽ ഉൾപ്പെട്ടുവരുന്ന മൂന്ന് പാലങ്ങളുടെയും നിർമ്മാണം സംസ്ഥാന സർക്കാരിന്റെ 50% പങ്കാളിത്തത്തോടെ പൂർത്തിയാക്കാനുള്ള ടെണ്ടർ നടപടികൾ എൻ.എച്ച്.എ.ഐ.എടുത്തു വരുന്നു.

**ആലപ്പുഴ ബൈപ്പാസ്:**- ആലപ്പുഴ ബൈപ്പാസിന്റെ 5.01 കി.മീ. ഭാഗത്തെ രണ്ടുവരിപ്പാതിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 1.545 കി.മീ. ഭാഗത്തെ രണ്ടുവരിപ്പാതയുടെയും എലിവേറ്റഡ് ഹൈവേയോടു കൂടിയ രണ്ട് ROB യുടെയും നിർമ്മാണം 50%സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തത്തോടെ പൂർത്തിയാക്കാൻ എൻ.എച്ച്.എ.ഐ. ടെണ്ടർ നടപടി എടുത്തു വരുന്നു. ആലപ്പുഴ, കൊല്ലം ബൈപ്പാസുകൾക്കായി 2013 -14 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**കോഴിക്കോട് ബൈപ്പാസ് (കാലിക്കട്ട് ബൈപ്പാസ്):-** 28.123 കി.മീ. മൊത്തം ദൈർഘ്യമുള്ള കാലിക്കട്ട് ബൈപ്പാസിന്റെ 80% നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന 5.10 കി.മീ. ബൈപ്പാസ് നിർമ്മാണത്തിന് 2013-14 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**<u>തലശ്ശേരി - മാഹി ബൈപ്പാസ്</u>:-** 18.031 കി.മീ. ദൈർഘ്യമുള്ള തലശ്ശേരി - മാഹി ബൈപ്പാസിന്റെ സ്ഥലമെടുപ്പ് ഭാഗികമായിട്ടേ നടപ്പായിട്ടുള്ളൂ. പ്രസ്തുത ബൈപ്പാസിന് 2013-14 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**<u>തൃപ്പൂണിത്തുറ ബൈപ്പാസ്</u>** :- തൃപ്പൂണിത്തുറ ബൈപ്പാസിന്റെ 3.75 കി.മീ. ഭാഗത്തെ സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന ഭാഗത്തിന്റെ സ്ഥലമെടുപ്പും നിർമ്മാണവും കേന്ദ്ര ഗതാഗത മന്ത്രാലയത്തിൽ നിന്നും അലൈൻമെന്റ് അംഗീകരിച്ചതിനു ശേഷമേ സാധ്യമാകൂ.

സെക്ഷൻ ഓഫീസർ